കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 20, തിങ്കൾ

വാല്യം 110 ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 2000 മാർച്ച് മാസം 20-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം.വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

LIBRARY ARCHIVES Kerala Legislative Assembly

I. അറിയിപ്പ്

ശ്രീ. പി.ടി ഉഷയുടെ നിയമസഭാ സന്ദർശനം

മി. സ്പീക്കർ : ഓർഡർ.....ഓർഡർ .....

കായികരംഗത്തെ അതുല്യ പ്രതിഭയും കേരളത്തിന്റെ അഭിമാനഭാജനവുമായ ശ്രീമതി പി.ടി. ഉഷ ഇന്ന് നിയമസഭാ ഹാളിലെ വിശിഷ്ടാതിഥികൾക്കുള്ള ഗ്യാലറിയിൽ ഉപവിഷ്ടയായിരുന്ന വിവരം അറിയിച്ചുകൊള്ളുന്നു.

II. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ചോദ്യം നമ്പർ (*451)

1 (*451) മാവേലിസ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

ശ്രീമതി ശൈലജ ടീച്ചർ :
ശ്രീ. എ.കെ.പി. വർഗ്ഗീസ് :
ശ്രീ. പി. രാഘവൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മാവേലിസ്റ്റോറുകളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മാവേലിസ്റ്റോറുകൾക്ക് ആവശ്യമായ അവശ്യ സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിതരണം ചെയ്യുന്നതിന് ജില്ലാ-താലൂക്ക് തലങ്ങളിൽ ഗോഡൗണുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ നഗരങ്ങളിലും മൊബൈൽ മാവേലിസ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മാവേലിസ്റ്റോറുകളിലെ ക്രമക്കേട് കണ്ടുപിടിക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(എഫ്) മാവേലിസ്റ്റോറുകളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്. മാവേലിസ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഇനി പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) മാവേലിസ്റ്റോറുകളിലൂടെ വിൽക്കുന്ന പലവ്യഞ്ജനങ്ങളുടെ വില ഗവൺമെന്റ് നിശ്ചയിക്കുന്നു. പൊതുകമ്പോള വിലയേക്കാൾ ഗണ്യമായും കുറഞ്ഞ വിലയായിരിക്കും ഇത്. ജനങ്ങളുടെ അറിവിലേയ്ക്കായി ഈ വില എല്ലാ മാസവും ഒന്നാം തീയതി പ്രമുഖപത്രങ്ങളിൽ പരസ്യം ചെയ്യുന്നു.

(2) യഥാർത്ഥ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വിൽക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം കോർപ്പറേഷന്റെ കാര്യക്ഷമതയെ ബാധിക്കാതിരിക്കാൻ 'മാർക്കറ്റ് ഇന്റർവെൻഷൻ സ്കീം' പ്രകാരം 60 കോടി രൂപ ഗ്രാന്റായി സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(3) വില്പനകുറവു കാരണം അടച്ചുപൂട്ടിയിരുന്ന 17 മാവേലി സ്റ്റോറുകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം തുറന്ന് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം ആരംഭിച്ചു.

(4) മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ, നിയോജകമണ്ഡലാടിസ്ഥാനത്തിൽ 126 പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ഇതിൽ 103 എണ്ണം തുറന്ന് പ്രവർത്തനം ആരംഭിച്ചു.

(5) താലൂക്ക് ഡിപ്പോകളിൽ നിന്നും മാവേലിസ്റ്റോറുകളിലേയ്ക്ക് സാധനം എത്തിക്കുന്നതിന് സ്വന്തമായി 59 ഡെലിവറി വാനുകൾ ഏർപ്പാടാക്കി.

(6) നേരത്തെ വില്പന നടത്തിവന്നിരുന്ന പലവ്യഞ്ജനങ്ങൾക്കു പുറമേ സോപ്പ്, പേസ്റ്റ് തുടങ്ങിയ പല നിത്യോപയോഗ സാധനങ്ങളും മാർക്കറ്റ് വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ വിൽക്കുന്നു.

(7) കൂടുതൽ വില്പനയുള്ള സ്റ്റോറുകളിൽ കാര്യക്ഷമത വർദ്ധിപ്പിക്കാനായി ബില്ലിംഗ് മെഷീൻ ഏർപ്പെടുത്തി.

(8) 'ശബരി' എന്ന പേരിൽ ഗുണമേന്മയുള്ള തേയില, കോഫി, കറി പൗഡർ, ഉപ്പ് എന്നിവയും മാവേലി എന്ന പേരിൽ അറിയപ്പെടുന്ന ഡിറ്റർജന്റ് പൗഡർ, ബാർ സോപ്പ് എന്നിവയും കുറഞ്ഞ വിലയ്ക്ക് വിറ്റു വരുന്നു.

(9) വിദ്യാർത്ഥികൾക്കായി കുറഞ്ഞ വിലയ്ക്ക് നോട്ടുബുക്കുകളുടെ വില്പന ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(10) ഗുണമേന്മ ഉറപ്പുവരുത്തുവാനായി ക്വാളിറ്റി കൺട്രോൾ സംവിധാനം ശക്തവും കാര്യക്ഷമവുമാക്കി.

(11) ഉപഭോക്താക്കളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുവാൻ പരിശീലന ശില്പശാലകൾ നടത്തുവാൻ തുടങ്ങി.

(12) വില്പന വർധിക്കുന്നതോടൊപ്പം അതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് 'ഇൻസെന്റീവ്' നൽകുന്ന പരിപാടി ആരംഭിച്ചു.

(13) ഉപഭോക്താക്കളുടെ അഭിരുചി മാനിച്ച് വില്പന സാധനങ്ങളുടെ ഇനത്തിലും തരത്തിലും വ്യതിയാനം വരുത്തുവാൻ തുടങ്ങി.

(14) വില്പന കൂടുതൽ മെച്ചപ്പെടുത്തുവാനും ആകർഷകമാക്കുവാനുംവേണ്ടി ഏതാനും സമ്മാനപദ്ധതികൾ ആരംഭിച്ചു.

(ബി) മേൽപ്പറഞ്ഞ നടപടികൾക്കു പുറമേ കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോകൾ കമ്പ്യൂട്ടർവൽക്കരിക്കുവാനും എല്ലാ മാവേലിസ്റ്റോറുകളിലും ബില്ലിംഗ് മെഷീനുകൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. ജീവനക്കാർക്കുള്ള പരിശീലനവും മെച്ചപ്പെടുത്തുന്നതാണ്.

(സി) 63 താലൂക്കുകൾ ഉള്ളതിൽ 61-ലും ഗോഡൗണുകൾ ഇപ്പോൾ തന്നെയുണ്ട്. പുതുതായി രൂപീകൃതമായ തിരൂരങ്ങാടി, നിലമ്പൂർ താലൂക്കുകളിൽ ഗോഡൗൺ ആരംഭിക്കാൻ ഉടനെ പരിപാടിയില്ല.

(ഡി) നഗരസഭ വാഹനസൗകര്യം ഏർപ്പെടുത്തിയാൽ അവശ്യ സാധനങ്ങൾ മാവേലിസ്റ്റോർ വിലയ്ക്ക് ലഭ്യമാക്കുന്ന സ്കീം ഇപ്പോൾതന്നെ ഉണ്ട്.

(ഇ)&(എഫ്) മുടങ്ങാതെ എല്ലാമാസവും മാവേലിസ്റ്റോറുകളിൽ പരിശോധന നടക്കുന്നുണ്ട്. 53 ജൂനിയർ മാനേജർമാരെ പരിശോധനയ്ക്കായി നിയമിച്ചിട്ടുണ്ട്. മിന്നൽ പരിശോധനാ ടീമും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ ഒരു ഡിവൈ.എസ്.പിയുടെ നേതൃത്വത്തിൽ ശക്തമായ ഒരു വിജിലൻസ് വിഭാഗവും നിലവിലുണ്ട്. എല്ലാ മാസവും മേഖലാതലത്തിലും മൂന്നു മാസത്തിലൊരിക്കൽ സംസ്ഥാനതലത്തിലും ഇവരുടെ യോഗം വിളിച്ച് പ്രവർത്തനം അവലോകനം ചെയ്തുവരുന്നുണ്ട്.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, നമ്മുടെ പൊതുവിതരണ മേഖലയിൽ ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ ഒരു സ്ഥാപനമാണ് മാവേലിസ്റ്റോർ. പക്ഷെ ഒരു പഞ്ചായത്തിന്റെ കീഴിൽ മാവേലിസ്റ്റോർ ഉണ്ടായാലും ആ പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും അതുകൊണ്ടുള്ള പ്രയോജനം വേണ്ടത്ര ലഭിക്കുന്നില്ല. ഇപ്പോൾ നിലവിലുള്ള സംവിധാനമായ മൊബൈൽ മാവേലിസ്റ്റോറുകളുടെ എണ്ണം വർധിപ്പിച്ചുകൊണ്ട് പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ഒരേസമയം മാവേലിസ്റ്റോറിന്റെ പ്രവർത്തനം ലഭ്യമാക്കുന്ന രീതിയിൽ കൂടുതൽ മൊബൈൽ മാവേലിസ്റ്റോറുകൾ അനുവദിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : മൊബൈൽ മാവേലി സ്റ്റോറുകൾ ഇപ്പോൾ അനുവദിച്ചിരിക്കുന്നത് മുനിസിപ്പാലിറ്റികൾക്കാണ്. അവിടെ ഒരു കണ്ടീഷൻ ഉള്ളത് മുനിസിപ്പാലിറ്റികൾ വണ്ടി വാങ്ങണം. സാധനങ്ങൾ ഈ വിലയ്ക്ക് മുനിസിപ്പാലിറ്റികൾക്ക് കൊടുക്കും. ഒന്നുരണ്ട് മുനിസിപ്പാലിറ്റികൾ മാത്രമേ അത് നടത്തുന്നുള്ളൂ. എന്നാലും ഞങ്ങൾ സാധനങ്ങൾ കൊടുക്കാൻ തയാറാണ്. പഞ്ചായത്തുകൾതോറും മൊബൈൽ മാവേലിസ്റ്റോർ ഇല്ല. പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമായിട്ടുള്ളത് വളരെ വിജനമായ, വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ മാത്രമേ മൊബൈൽ മാവേലിസ്റ്റോറുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് നടത്തുന്നുള്ളൂ.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : ഇപ്പോൾ നിലവിലുള്ള മാവേലി സ്റ്റോറുകളിൽ സാധനങ്ങൾ വാങ്ങാൻ വലിയ തിരക്കാണ്. വലിയ ക്യൂ തന്നെ മാവേലിസ്റ്റോറിന്റെ മുന്നിലുണ്ട്. അവിടെ സാധനങ്ങൾ വിതരണം നടത്തുന്നതിന് കൂടുതൽ ശാസ്ത്രീയമായിട്ടുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റിന് കഴിയുമോ; അങ്ങനെ എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് കൂടുതൽ മാവേലിസ്റ്റോറുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട് എന്നാണ്. പ്രൈസ് സബ്ട്രാക്ഷൻ ഉള്ളതുകൊണ്ട് എത്രയായാലും കൂടുതൽ തിരക്ക് അവിടെയുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. വേറൊരു കാര്യം കൂടി ചെയ്യുന്നുണ്ട്. രണ്ടായിരത്തിലധികം റേഷൻ കടകളിൽ കൂടി വില കുറഞ്ഞരീതിയിൽ പലവ്യഞ്ജനങ്ങളും മറ്റും കൊടുക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : മാവേലിസ്റ്റോറുകളുടെ പ്രവർത്തനം കേരളത്തിലെ വില നിലവാരം പിടിച്ചുനിർത്തുന്നതിന് പര്യാപ്തമായ തരത്തിൽ ഭംഗിയായി മുന്നോട്ടുപോകുമ്പോൾ അത് കുറേക്കൂടി വിപുലീകരിച്ച് സൂപ്പർ മാർക്കറ്റിംഗ് സിസ്റ്റം നടപ്പാക്കുന്നതിനുള്ള നടപടിയെക്കുറിച്ച് ഗവൺമെന്റിന് ആലോചിക്കാൻ കഴിയുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സൂപ്പർ മാർക്കറ്റുകൾ ഇപ്പോൾ തന്നെയുണ്ട്. സ്ഥലവും സൗകര്യവും അതിന്റെ ലൊക്കേഷനും ശരിയാകുന്ന സ്ഥലങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ നടത്തുന്നുണ്ട്.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : ഈ ഗവൺമെന്റ് വരുന്നതിന് മുമ്പ് മാവേലിസ്റ്റോറുകളുടെ ടേണോവർ എത്രയായിരുന്നു; ഈ ഗവൺമെന്റ് വന്നതിനു ശേഷം ടേണോവർ എത്രയാണ് എന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : മാവേലിസ്റ്റോറുകളിൽ എല്ലാ സാധനങ്ങളുടെ വിൽപ്പനയുമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള ഫിഗർ ആണ് ഉള്ളത്. അതിന് മുമ്പിലത്തെ കണക്ക് നോക്കണം. 1996-97 - ൽ 62.14 കോടി. 1999-2000-ൽ ജനുവരി വരെ 129 കോടി രൂപയിൽ കൂടുതലുണ്ട്. 1994-95 ൽ കുറവായിരുന്നു.

<u>ശ്രീ. പി. രാഘവൻ</u> : മാവേലിസ്റ്റോറുകൾ തീരെയില്ലാത്തെ എത്ര പഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്; അവിടെ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ഗവർണറുടെ നയപ്രഖ്യാപനത്തിൽതന്നെ അക്കാര്യം പറഞ്ഞിട്ടുണ്ട്. മാവേലിസ്റ്റോർ ഇല്ലാത്ത എല്ലാ പഞ്ചായത്തിലും അവ തുടങ്ങാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. മാവേലിസ്റ്റോറുകൾ ഏത് പഞ്ചായത്തിൽ വേണം എന്ന് എം.എൽ.എ. മാർ നിശ്ചയിക്കണം. അതു കഴിഞ്ഞാൽ ആ സ്ഥലത്ത് ഉപയുക്തമായ കട രണ്ടുവർഷത്തേയ്ക്ക് സൗജന്യമായി തരണമെന്ന് വ്യവസ്ഥയുണ്ട്. ഏതെങ്കിലും ഒരു കട കൊടുത്താൽ പോരാ; അതിന് പറ്റുന്ന കട വേണം. അതാണ് കാലതാമസം

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത്. ഇപ്പോൾ 126 എണ്ണം പറഞ്ഞതിൽ കുറച്ച് ഇനിയും തുടങ്ങാനുണ്ട്. കടയുടെ കാര്യത്തിലും ലൊക്കേഷനിലും തർക്കങ്ങൾ വന്നതുകൊണ്ടാണ് താമസമുണ്ടായത്.

<u>ശ്രീ. പി. രാഘവൻ</u> : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വേണ്ടത്ര വില്പനയില്ല എന്നതിന്റെ പേരിൽ എത്ര മാവേലിസ്റ്റോറുകൾ അടച്ചിട്ടിരുന്നു; ആ മാവേലിസ്റ്റോറുകളെല്ലാം ഈ ഗവൺമെന്റ് വന്നതിനുശേഷം തുറന്നിട്ടുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : 30 മാവേലി സ്റ്റോറുകൾ അടച്ചിട്ടുണ്ടായിരുന്നു അതിൽ 17 എണ്ണം തുറന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : മാവേലി സ്റ്റോറുകൾ എല്ലാ പഞ്ചായത്തിലും ആരംഭിക്കുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുകയാണ്. എന്റെ നിയോജകമണ്ഡലമായ എറണാകുളത്തെ മുളവുകാട് പഞ്ചായത്തിൽ മാവേലിസ്റ്റോർ ഇല്ല. മന്ത്രി ഇപ്പോൾ പറഞ്ഞതുപോലെ നിർദ്ദിഷ്ട അളവിലുള്ള കെട്ടിടം കിട്ടുന്നതിനുള്ള അസൗകര്യം അവിടെയുണ്ട്. കെട്ടിടങ്ങളൊന്നുമില്ലാത്ത പരസ്പരം ബന്ധമില്ലാത്ത രണ്ടു ദ്വീപുകൾ അവിടെയുണ്ട്. അത്തരം പ്രദേശങ്ങളുടെ കാര്യം കണക്കിലെടുത്തുകൊണ്ട് കായലിൽകൂടി ബോട്ട് ഉപയോഗിച്ച് മൊബൈൽ മാവേലിസ്റ്റോർ നടത്താൻ കഴിയുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : പരിഗണനാർഹമായ ഒരു നിർദ്ദേശമാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : സർ, ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ മാർജിൻ ഫ്രീ ഷോപ്പുകൾ എന്ന ഒരു പുതിയ പ്രസ്ഥാനം ശക്തിപ്പെട്ടുവരികയാണ്. അതുവഴി വിലകുറഞ്ഞ, നിലവാരമുള്ള, സാധനങ്ങൾ കിട്ടുന്നു എന്ന കാരണത്താൽ ഉപഭോക്താക്കളും അതിനെ സ്വാഗതം ചെയ്യുന്നുണ്ട്. ഈ മാർജിൻ ഫ്രീ ഷോപ്പുകൾ എന്ന പ്രസ്ഥാനത്തെക്കുറിച്ച് പഠിച്ച് അവയുടെ വിജയത്തിന്റെ രഹസ്യം നമ്മുടെ മാവേലിസ്റ്റോറുകളിലേക്ക് കൂടി പകർത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, സ്വാഗതാർഹമായ ഒരു നടപടിയാണ്. കുറേപ്പേർ കൂടി ചേർന്നിട്ട് വലിയ ലാഭം എടുക്കാതെ മാർജിൻ ഫ്രീ കഷ്ടിച്ച് കോസ്റ്റ് ഓഫ് മെയിന്റനൻസ് മാത്രം എടുത്തുകൊണ്ട് സാധനങ്ങൾ കൊടുക്കുന്നുണ്ട്. ഇപ്പോൾ മുപ്പതോളം മാർജിൻ ഫ്രീ ഷോപ്പുകൾ ഉണ്ട്. അത് സ്വാഗതാർഹമാണ്. പക്ഷെ മാർജിൻ ഫ്രീ ഷോപ്പ്സിൽപോലും പലവ്യഞ്ജനങ്ങളും പയർവർഗ്ഗങ്ങളും മാവേലിസ്റ്റോറിന്റെ വിലയ്ക്ക് അവർക്ക് വിൽക്കാൻ പറ്റുന്നില്ല. എന്നാലും കമ്പയേഡ് ടു ദ മാർക്കറ്റ് വില കുറച്ചാണ് വിൽക്കുന്നത്. അത് സ്വാഗതാർഹമാണ്. ഇനിയും ആളുകൾക്ക് സംഘടിതമായി മറ്റുള്ളവർ ചെയ്യുന്നതുപോലെ ചെയ്യാം. ഇത് കുറച്ച് ആളുകൾ ചേർന്ന് സഹകരിച്ച് ചെയ്യുന്നതാണ്.

<u>ശ്രീ. പി.കെ. കുമാരൻ</u> : സർ, 2000-2001-ലെ കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റിൽ ഭക്ഷ്യസാധനങ്ങളുടേയും അതുപോലെ റേഷൻ സാധനങ്ങളുടേയും സബ്സിഡി ഗണ്യമായി വെട്ടിക്കുറയ്ക്കുന്ന നിർദ്ദേശമാണ് ഉള്ളത്. ഈ സാഹചര്യത്തിൽ അരിയുടേയും അതുപോലെയുള്ള നിത്യോപയോഗ സാധനങ്ങളുടേയും വില വർധിക്കാനാണ് സാധ്യത. ആ സാഹചര്യം കണക്കിലെടുത്ത് മാവേലിസ്റ്റോറുകളിൽകൂടി ഇന്ന് വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില അതേപടി നിലനിർത്തി മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും നടപടി സ്വീകരിക്കുമോ; അങ്ങനെ ഉണ്ടെങ്കിൽ അതേകുറിച്ച് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, കോൺസ്റ്റന്റ് പ്രൈസിലല്ല മാവേലിസ്റ്റോറിൽ സാധനങ്ങൾ വിൽക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ, ഉദാഹരണത്തിന് വറ്റൽ മുളകിന് മാവേലിസ്റ്റോറിൽ ഉണ്ടായിരുന്ന വിലയിൽ ഇപ്പോൾ പത്ത്, പന്ത്രണ്ട് രൂപ കിലോയ്ക്ക് കുറഞ്ഞിട്ടുണ്ട്. അത് കോൺസ്റ്റന്റ് പ്രൈസ് അല്ല. മാർക്കറ്റിൽ വിൽക്കുന്നതിനേക്കാൾ ഗണ്യമായ ശതമാനം വില കുറച്ച് വിൽക്കുന്നതാണ്. ഇത്തരം പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം വേണ്ട, ഗവൺമെന്റിൽ ഇന്റർഫിയറൻസ് വേണ്ട എന്ന ഒരു പോളിസിയാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. അതിന് ഇപ്പോൾ നമ്മൾ വിചാരിച്ചാൽ ഒന്നും ചെയ്യാൻ പറ്റില്ല.

<u>ശ്രീ. പി.കെ. കുമാരൻ</u> : സർ, ഇപ്പോൾ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന നിലയിലാണ് സർക്കാർ മാവേലിസ്റ്റോർ അനുവദിച്ചിട്ടുള്ളത്. ജനസംഖ്യാടിസ്ഥാനത്തിലാണെങ്കിൽ 10,000 ജനസംഖ്യവരെ ഉള്ളതിലും അതുപോലെതന്നെ 30,000 ഉം 40,000-ഉം ജനസംഖ്യ ഉള്ള പഞ്ചായത്തിലും ഓരോ മാവേലിസ്റ്റോർ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ജനസംഖ്യ ഏറ്റവും കൂടുതലുള്ള പഞ്ചായത്തിൽ ഒന്നിലധികം മാവേലിസ്റ്റോറുകൾ സ്ഥാപിക്കുന്നതിനും അത് പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചിരുന്നു എന്നു തോന്നുന്നു. ഇത് മാർക്കറ്റ് ഇന്റർവെൻഷൻ സ്കീമാണ്. കേരളത്തിലെ മൂന്നുകോടിയിൽ ചിലാനം ആളുകൾക്കും ഇതേ വിലയ്ക്ക് സാധനം എത്തിക്കുക എന്നുള്ളതല്ല. ഈ ഇന്റർവെൻഷൻകൊണ്ട് ടോട്ടൽ മാർക്കറ്റ് പ്രൈസിന് ഒരു ഇൻക്രീസ് വരുന്നില്ല. അത് ഫലത്തിൽ കാണുന്നുമുണ്ട്. നാഷണൽ ലെവലിൽ നോക്കി കഴിഞ്ഞാൽ മാർക്കറ്റ് ഇന്റർവെൻഷൻ കൊണ്ട് ഈ സാധനങ്ങളൊന്നും പ്രൊഡ്യൂസ് ചെയ്യാത്ത കേരളത്തിൽ പ്രൈസിന്റെ നിലവാരം 'കുറച്ച് നിലനിർത്താൻ സാധിക്കും. ഒരു പഞ്ചായത്തിൽ ഒന്ന് എന്ന് പറയുമ്പോൾ മതിയാകും. പിന്നെ സഹകരണ സംഘങ്ങൾ മാവേലിസ്റ്റോറുകൾ നടത്തുന്നുണ്ട്. കൂടാതെ നീതിസ്റ്റോറും ഉണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഇവിടെ 126 സ്റ്റോറുകൾ തുടങ്ങാൻ തീരുമാനിച്ചു. അതിൽ 103 എണ്ണം തുടങ്ങിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 126 ഷോപ്പ് തുടങ്ങിയാൽ ഈ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാകുമോ; ഇനി ഈ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും മാവേലിസ്റ്റോർ കൊണ്ടു കവർ ചെയ്യണമെങ്കിൽ 126- സ്റ്റോറുകൾക്ക് പുറമേ എത്ര എണ്ണം വേണം; പുതുതായി തുറക്കുന്ന മാവേലി സ്റ്റോറുകളിൽകൂടി സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകാൻ ഈ ആണ്ടിലെ ബഡ്ജറ്റിൽ 60 കോടി രൂപ ഉണ്ടായിരുന്നു എന്നു പറഞ്ഞു. പുതിയ വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റിൽ എത്ര കോടി രൂപ ഇതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട് എന്നുകൂടി ഒന്നു വ്യക്തമാക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, മുന്നൂറോളം പഞ്ചായത്തുകൾ ഉണ്ട്. ബഡ്ജറ്റിലെ പ്രൊവിഷന് ഒരു ടെക്നിക്കൽ മിസ്റ്റേക്ക് വന്നുകാണും. കഴിഞ്ഞ വർഷം ആദ്യം ബഡ്ജറ്റ് പ്രൊവിഷൻ 50 കോടി രൂപ ഉണ്ടായിരുന്നു. പിന്നെ അഡീഷണലായിട്ട് 10 കോടി രൂപ കൂടെ സപ്ലിമെന്ററി ഡിമാന്റ് വന്നു. അങ്ങനെ 60 കോടി രൂപ ഉണ്ടായിരുന്നു. ഈ വർഷം എന്തുകൊണ്ടോ, ബൈമിസ്റ്റേക്ക് 50 കോടി രൂപ ആയിട്ടുണ്ട്. അതൊന്നും സാരമില്ല. ശ്രീ. ആര്യാടൻ

LIBRARY ARCHIVES Kerala Legislative Assembly

മുഹമ്മദിന് വേണ്ടത് 300 പഞ്ചായത്തുകളിലെ മാവേലിസ്റ്റോർ ആണല്ലോ. ഞാൻ ഈ സഭയ്ക്ക് ഉറപ്പു തരുന്നു 300- ഉം തരും.

<u>ശ്രീ. എ. കണാരൻ</u> : സർ, അങ്ങ് പറഞ്ഞു നിയോജക മണ്ഡലാടിസ്ഥാനത്തിൽ 126 മാവേലിസ്റ്റോറുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു, 103 എണ്ണം തുറന്നു, 23 എണ്ണം തുറക്കാൻ പറ്റുമെന്ന്. തുറക്കാൻ ബാക്കിയായത് എത്ര; അവ ഏതു അവസരത്തിൽ തുറന്ന് പ്രവർത്തനം ആരംഭിക്കും; അതുപോലെതന്നെ പണ്ട് നമ്മൾ മാവേലിസ്റ്റോർ തുറന്നിട്ടുള്ളത് മൂന്ന് നാല് പഞ്ചായത്തുകളുടെ മധ്യത്തിലോ എല്ലാവർക്കും കൂടി ബന്ധപ്പെടാവുന്ന സ്ഥലത്തോ ആണ്. ഇപ്പോൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ വരുമ്പോൾ ചില മാവേലിസ്റ്റോറുകൾ ചില പഞ്ചായത്തിന്റെ ഏറ്റവും അറ്റത്തായി വരുന്നു. 7 കി.മീ അപ്പുറത്തൊക്കെയാണ് വരുന്നത്. അങ്ങനെ വരുന്ന മാവേലി സ്റ്റോറുകൾക്ക് എന്തെങ്കിലും മാറ്റം വരുത്തുമോ; അതായത് ഏഴ് കിലോമീറ്ററിന് അപ്പുറത്ത് താമസിക്കുന്ന ജനങ്ങൾക്കുകൂടി ആശ്വാസം നൽകുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ സാധിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, ബഹുമാനപ്പെട്ട എ. കണാരനെപ്പോലെയുള്ളവരാണ് അത് ശ്രദ്ധിക്കേണ്ടത്. പഞ്ചായത്തുകളിൽ തുടങ്ങുമ്പോൾ അതിന് ആവശ്യമായ കടയൊക്കെ എടുക്കുന്നത് പഞ്ചായത്തിന്റെ സെന്ററിൽ ആണെന്നുണ്ടെങ്കിൽ ഒരു വിരോധവുമില്ല. പണ്ട് തുടങ്ങിയത് മാറ്റുന്നതിന്റെ കാര്യം, അങ്ങയുടെ തന്നെ നിയോജകമണ്ഡലത്തിൽ ഇരിക്കുന്ന ഒരു കട മാറ്റാൻ അത്ര എളുപ്പമാണെന്ന് എനിക്ക് തോന്നുന്നില്ല. അവിടെപ്പിന്നെ സമരവും യുദ്ധവുമൊക്കെ ആകും. അതുകൊണ്ട് അത് വളരെ സൂക്ഷിച്ച് ചെയ്യേണ്ട ഒരു കാര്യമാണ്. നാട്ടുകാർ സഹകരിക്കുന്നെങ്കിൽ മാറ്റുന്നതിന് ഗവൺമെന്റിന് യാതൊരു എതിരഭിപ്രായവുമില്ല. ലൊക്കേഷൻ മാറ്റുന്നതിന് അതാത് പഞ്ചായത്ത് തീരുമാനം എടുത്താൽ ഞങ്ങൾക്ക് സഹകരിക്കുന്നതിന്, മാറ്റുന്നതിന് ഒരു വിഷമവുമില്ല. 23 എണ്ണം തുടങ്ങുന്നതിന് താമസം വന്നത് കെട്ടിടങ്ങൾ കിട്ടുന്നതിന്റേയും മറ്റുമുള്ള അസൗകര്യങ്ങളാണ്.

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : സർ, നമ്മുടെ നാട്ടിലെ മാവേലിസ്റ്റോറുകൾ എല്ലാം കുഗ്രാമങ്ങളിലാണ്. പഞ്ചായത്തുകൾക്ക് അനുവദിച്ച മാവേലിസ്റ്റോറുകൾ സാധാരണക്കാർക്ക് മെച്ചപ്പെട്ട സാധനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള സംവിധാനം എന്നുള്ള നിലയിൽ ആരംഭിച്ച മാവേലിസ്റ്റോറുകൾ സാധാരണക്കാരൊക്കെ ജോലിക്ക് പോയി വൈകുന്നേരം വരുമ്പോഴേക്കും അവ പൂട്ടിയിരിക്കും. കൃത്യം അഞ്ച് മണിക്ക് പൂട്ടുന്ന മാവേലിസ്റ്റോറുകളാണ് ഗ്രാമങ്ങളിൽ ഉള്ളത്. അതുകൊണ്ട് പലർക്കും അതിന്റെ പ്രയോജനം കിട്ടുന്നില്ല. ഞാൻ പറഞ്ഞത് എന്റെ മണ്ഡലത്തിലെ പൈവള്ളിക്ക മാവേലി സ്റ്റോർ അഞ്ച് മണിക്ക് പൂട്ടുന്നു. ആളുകൾക്ക് അതുകൊണ്ട് പ്രയോജനമില്ല എന്നുള്ളത് പ്രത്യേകം കണക്കിലെടുത്ത് അത്തരത്തിലുള്ള മാവേലിസ്റ്റോറുകൾ 7 മണിവരെ തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, ജനറലായിട്ട് 7 മണിവരെ തുറന്നിരിക്കാറുണ്ട്. ആ പറഞ്ഞ പർട്ടിക്കുലർ കേസ് ഉടൻതന്നെ പരിശോധിച്ചിട്ട് 7 മണിവരെ പ്രവർത്തിക്കുന്നില്ലെങ്കിൽ അതുപോലെ പ്രവർത്തിപ്പിക്കുന്നതിലേക്കു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. വിശ്വൻ</u> : സർ, തീരദേശങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ രംഗത്ത് സർക്കാർ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ടോ; അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

തീരദേശങ്ങളിൽ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, തീരപ്രദേശത്ത് കൂടുതൽ വരുമല്ലോ. ജനസാന്ദ്രത കൂടുതൽ ആയതുകൊണ്ട് തീരപ്രദേശത്ത് വളരെ അടുത്തടുത്ത് മാവേലിസ്റ്റോർ കാണും. ഇപ്പോൾ ഇടുക്കിയിൽ ഒരു പഞ്ചായത്തിൽ ചെന്ന് കഴിഞ്ഞാൽ വിശാലമായ ഏരിയ കാണും. തീരദേശം കുറവായിരിക്കും. ജനസാന്ദ്രത കുറവുള്ളതുകൊണ്ട് അവിടെയെല്ലാം തുടങ്ങാൻ പറ്റുമോ?

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, കേരളത്തിലെ ചില റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ കൊടുക്കുന്ന ഒരു സംവിധാനമുണ്ട്. ഈ സംവിധാനം കൂടുതൽ വ്യാപിപ്പിച്ച് കൂടുതൽ റേഷൻ കടകളിലേയ്ക്ക് സാധനങ്ങൾ കൊടുക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, അക്കാര്യം പരിഗണനയിൽ ഉണ്ട്. അതൊരു നല്ല നിർദ്ദേശമാണ്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും ഓരോ മാവേലിസ്റ്റോർ വീതം ആരംഭിക്കുന്ന കാര്യം പറഞ്ഞു. വളരെയേറെ പഞ്ചായത്തുകളിൽ മാവേലിസ്റ്റോർ ആരംഭിച്ചുകഴിഞ്ഞു. എന്നാൽ അതിനനുസൃതമായി മാവേലിസ്റ്റോറുകളിൽ ജീവനക്കാരെ നിയമിക്കുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർക്കർമാരും ഹെൽപ്പർമാരുമാണ് മാനേജർമാരുടെ ജോലി ചെയ്യുന്നത്. അവരിൽ അധികം പേരും സ്ത്രീകളാണ്. മാനേജർമാരുടെ ജോലി ചെയ്യാൻ താഴെത്തലത്തിലുള്ള വർക്കർമാരും ഹെൽപ്പർമാരും നിർബന്ധിതമാകുന്ന ഒരു സാഹചര്യം മാവേലിസ്റ്റോറുകളിൽ ഉണ്ട്. അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; പുതിയ നിയമനം നടത്തുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, അത് ഒരു പ്രശ്നമാണ് പി.എസ്.സി. യിൽ നിന്നാണ് റിക്രൂട്ട്മെന്റ് നടത്തേണ്ടത്. പി.എസ്.സി എഴുതിയിട്ട് ഒരു പാട് കാലമായി. ടെസ്റ്റ് കഴിഞ്ഞു എന്നാണ് അറിഞ്ഞത്. ഇനി ഇന്റർവ്യൂ കൂടി നടത്തിയിട്ട് വേണം ആളെ നിയമിക്കാൻ. അതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ആളുകളെ നിയമിക്കുന്നതിനുള്ള പരിശ്രമം നടത്തുകയാണ്. സ്റ്റാഫ് കുറവാണ് എന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ശരിയാണ്. അത് പരിഹരിക്കുന്നതിനായിട്ടുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. മാമ്മൻ മത്തായി</u> : സർ, വ്യത്യസ്ത നിയോജകമണ്ഡലങ്ങളിലെ പഞ്ചായത്തുകളിൽ മാവേലിസ്റ്റോറുകൾ അനുവദിക്കുമ്പോൾ ആ സ്റ്റോറിനെ സംബന്ധിച്ചുള്ള ദൂരപരിധി സംബന്ധിച്ച് എന്തെങ്കിലും പ്രത്യേക നിബന്ധനയുണ്ടോ; എന്റെ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യം പറയാം. കടപ്പുറം പഞ്ചായത്തിലും ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മാന്നാർ പഞ്ചായത്തിലും മാവേലിസ്റ്റോർ അനുവദിക്കുകയുണ്ടായി. മാന്നാർ പഞ്ചായത്തിലെ മാവേലിസ്റ്റോറിന് കെട്ടിടം എടുത്തിരിക്കുന്നതും കടപ്പുറം പഞ്ചായത്തിലെ സ്റ്റോറും തമ്മിൽ രണ്ട് കിലോമീറ്റർ ദൂരമേ അകലം ഉള്ളൂ എന്നുള്ളതുകൊണ്ട് കടപ്പുറം പഞ്ചായത്തിൽ മാവേലിസ്റ്റോർ തുറക്കാൻ സമ്മതിക്കുന്നില്ല എന്നുള്ള കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വരുമാനമാണ് പ്രധാനം. ധാരാളം ആൾക്കാർ അവിടെനിന്ന് സാധനം വാങ്ങിക്കുന്നു എന്ന ഒരു വസ്തുത കണക്കിലെടുത്ത് ഈ ദൂരപരിധിയുടെ നിബന്ധന മാറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അക്കാര്യം പരിശോധിക്കാം. അദ്ദേഹം പറഞ്ഞത് അവിടത്തെ ഒരു പഞ്ചായത്തിലെ പ്രശ്നമാണ്. അക്കാര്യം എങ്ങനെയെങ്കിലും പരിഹരിക്കുന്നതിനായി ശ്രമിക്കാം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കേരളത്തിൽ തുടങ്ങിയിട്ടുള്ള മാവേലിസ്റ്റോർ പദ്ധതിയെ അതിന്റെ ആരംഭകാലത്ത് എതിർത്ത ആളുകൾ ഉണ്ടായിരുന്നു. പക്ഷേ ഇന്ന് എല്ലാ ആളുകളും അനുകൂലിക്കുന്നു. ഇതൊരു മാതൃകാപരമായ പദ്ധതിയാണെന്ന നിലയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് എന്തെങ്കിലും സഹായം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെങ്കിലും ഘട്ടത്തിൽ സഹായം നിർത്തലാക്കിയിട്ടുണ്ടോ; നമ്മുടെ പ്രതിപക്ഷ നേതാവ് സിവിൽ സപ്ലൈസ് മന്ത്രിയായി കേന്ദ്രത്തിൽ ഉണ്ടായിരുന്ന ഘട്ടത്തിൽ എന്തെങ്കിലും പ്രത്യേക സഹായം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, കേന്ദ്ര ഗവൺമെന്റ് നാഷണൽ പോളിസിയേ സ്വീകരിക്കാറുള്ളൂ. അല്ലാതെ ഒരു പർട്ടിക്കുലർ സ്റ്റേറ്റിനുവേണ്ടി ഒന്നും ചെയ്യില്ല. കേന്ദ്ര ഗവൺമെന്റ് പൊതു വിതരണത്തിന് ചിലപ്പോൾ ചില സഹായങ്ങൾ ചെയ്യാറുണ്ട്. പക്ഷേ മാവേലിസ്റ്റോറിന് എന്നുപറഞ്ഞ് സ്പെസിഫിക്കായിട്ട് ഒരു സഹായവും ചെയ്യുന്നില്ല, അത് ഇതുവരെ ചെയ്തിട്ടുമില്ല, ഇനി ചെയ്യുകയുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, കേരളത്തിലെ മാവേലിസ്റ്റോറുകൾ വളരെ സ്തുത്യർഹമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഐക്യമുന്നണി ഗവൺമെന്റ് കേന്ദ്രത്തിൽ ഭരിച്ചിരുന്ന സാഹചര്യത്തിൽ എന്തെങ്കിലും പ്രത്യേകം സഹായം മാവേലിസ്റ്റോറിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇത് സീരിയസായിട്ട് എടുക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. വാസ്തവത്തിൽ ഇത് അദ്ദേഹത്തിനും അറിയാവുന്ന കാര്യമാണ്. കേരളത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ചും റേഷനിംഗ് സിസ്റ്റം സംബന്ധിച്ചും കേന്ദ്രത്തിലെ എക്കണോമിക് അഡ്വൈസേഴ്സും മറ്റുള്ളവരുമെല്ലാം മിക്കവാറും അജ്ഞരാണ്, അവർക്ക് ഇതിനെക്കുറിച്ചൊന്നും വലിയ ധാരണയില്ല. ഇന്ന് ദൗർഭാഗ്യവശാൽ നമ്മുടെ സാമ്പത്തിക വിദഗ്ദ്ധൻമാർ ശ്രീ. അമർത്യാസെൻ ഒഴിച്ച് ബാക്കി എല്ലാവരും എങ്ങനെയെങ്കിലും ഈ സബ്സിഡികൾ അവസാനിപ്പിച്ച് റേഷൻ സമ്പ്രദായം നിർത്തലാക്കണമെന്നുള്ള അഭിപ്രായക്കാരാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, നിത്യോപയോഗ സാധനങ്ങളുടെ വില പൊതുവിൽ കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മാവേലിസ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന ഇനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ, കൂടുതൽ ഇനങ്ങൾ മാവേലിസ്റ്റോറുകളിലൂടെ വിതരണം ചെയ്യാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അതിലെ ഫസ്റ്റ് പ്രിസംപ്ഷനോട് ഞാൻ യോജിക്കുന്നില്ല. കേരളത്തിൽ അങ്ങനെ വലിയ കുതിച്ചുകയറ്റമൊന്നുമില്ല. രണ്ടാമത്തെ കാര്യം നമ്പർ ഓഫ് ഐറ്റംസ് കൂട്ടികൊണ്ടിരിക്കുകയാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞു സ്ഥലവും സൗകര്യങ്ങളുമൊക്കെ ഒരുക്കിക്കൊടുക്കുന്ന പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ അനുവദിക്കുമെന്ന്. അങ്ങനെ ഇല്ലാത്ത സ്ഥലങ്ങളിലാണ് തടസ്സം ഉണ്ടായിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ആവോലി ഗ്രാമപഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ തുടങ്ങുവാനുള്ള സൗകര്യമായ കെട്ടിടവും

മറ്റും ഒരുക്കിയശേഷം അങ്ങേയ്ക്ക് ഞാൻ നിവേദനം തന്നിട്ട് രണ്ടുവർഷമായി. അങ്ങ് അത് അനുവദിക്കുമെന്നും പറഞ്ഞു. അവിടെ അടിയന്തിരമായി മാവേലി സ്റ്റോർ തുറന്നുപ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഒരെണ്ണം അനുവദിച്ചില്ലേ? കഴിഞ്ഞ വർഷം ഒരു എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിൽ ഒരു മാവേലിസ്റ്റോർ അനുവദിക്കാം എന്നുപറഞ്ഞതനുസരിച്ച് അദ്ദേഹത്തിന്റെ മണ്ഡലത്തിലും അനുവദിച്ചു. ഉത്ഘാടനം ചെയ്തുകഴിഞ്ഞു. ഇപ്പോൾ അദ്ദേഹം പറയുന്നത് ഈ വർഷം തുടങ്ങേണ്ടതിന്റെ കാര്യമാണ്. അത് പരിഗണിക്കാം.

മി. സ്പീക്കർ : ചോദ്യം (*452)-ഉം (*469)-ഉം ക്ലബ് ചെയ്തു എടുക്കാം.

2 (*452) ജനസേവനകേന്ദ്രങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ ലതാദേവി :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കേന്ദ്രങ്ങൾ; എവിടെയെല്ലാം;

(സി) ജനസേവനകേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ)&(ബി) ഉണ്ട്. പൊതുജനങ്ങൾക്ക് നിത്യ ജീവിതത്തിൽ അവശ്യം വേണ്ടുന്ന സേവനം നൽകുന്ന വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയിലെല്ലാം പോകാതെതന്നെ ഇവയുടെപ്രധാനപ്പെട്ട സേവനങ്ങളും പ്രയോജനങ്ങളും വിവരവിനിമയ സാങ്കേതികതയിലൂടെ സമന്വയിപ്പിച്ച് ഒരു ഏകജാലക സംവിധാനത്തിൽക്കൂടി ലഭ്യമാക്കുന്ന 'സമഗ്ര സേവന കേന്ദ്രം' തിരുവനന്തപുരം നഗരസഭാ അതിർത്തിക്കുള്ളിൽ ഒരു പൈലറ്റ് പ്രോജക്ടായി നടപ്പാക്കുന്നതിന് തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത സമഗ്ര സേവന കേന്ദ്രത്തിൽ തിരുവനന്തപുരം നഗരസഭ, വൈദ്യുതി ബോർഡ്, ജല അതോറിറ്റി, മോട്ടോർ വാഹന വകുപ്പ്, സിവിൽ സപ്ലൈസ്, കേരള സർവ്വകലാശാല തുടങ്ങിയ വകുപ്പുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ ലഭ്യമാകുന്ന ഉപയുക്ത സേവനങ്ങളുടെ ബില്ലുകൾ സ്വീകരിക്കുക, അവയിലേയ്ക്ക് ഒടുക്കേണ്ട ഫീസ്/നികുതി തുടങ്ങിയവ സ്വീകരിക്കുക, പാസ്പോർട്ട് അപേക്ഷകൾ ലഭ്യമാക്കുക തുടങ്ങിയവയ്ക്കാവശ്യമായ സൗകര്യങ്ങൾ സജ്ജമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

3 (*469) ജനസേവനകേന്ദ്രങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :

LIBRARY ARCHIVES Kerala Legislative Assembly